## മിനികഥകൾ

## നാല്പത്തിമൂന്ന്

ജോയിക്കുട്ടി,

ജോസഫച്ചൻ പുതിയ കഥ പറയാൻ പലപ്രാവശ്യം ഒരുങ്ങിയതാണ്. തൊമ്മൻ അയയുമ്പോൾ ചാണ്ടി മുറുകും, ചാണ്ടി അയയുമ്പോൾ തൊമ്മൻ മുറുകും എന്നു പറഞ്ഞതു പോലെയാണ്. അച്ചൻ കഥ പറയാൻ വരുമ്പോൾ കേൾക്കാൻ ഞാൻ കാണില്ല; അല്ലങ്കിൽ ഞാൻ കേൾക്കാൻ തയാറാകുമ്പോൾ അച്ചൻ തിരക്കിലായിരിക്കും. അവസാനം രണ്ടുപേക്കും കൂടി ഒത്തു വന്നപ്പോഴേക്കും സമയം ലേശം വൈകി.

# വിചിത്ര ഇടവക

ഏകദേശം മുപ്പതു വഷങ്ങൾക്കു മുമ്പാണ് ഇക്കഥ നടക്കുന്നത്. അമേരിക്കയിലെ ഒരു കൊച്ചു കുഗ്രാമമാണ് സ്ഥലം. അവിടെ ഒരു വലിയ ആശുപത്രി ഉണ്ട്. വളരെ വിദഗ്ദ്ധരായ ഡോക്ടറന്മാരാണ് അവിടെയുള്ളത്. തന്മൂലം ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ചികിത്സയ്ക്കായി അവിടെ രോഗികൾ വന്നുകൊണ്ടിരുന്നു. അവിടെയുള്ള രണ്ടു റേഡിയോളജിസ്റ്റുകൾ മലയാളികളാണ്. അവരുടെ ഭാര്യമാരും അവിടെ തന്നെ ഡോക്ടേഴ്സാണ്. മാത്തച്ചനും മീരയും ടെന്നീസും ടിൻസിയും. മീര കുഞ്ഞുങ്ങളുടെയും ടിൻസി ഭ്രാന്തന്മാരുടേയും ഡോക്ടറന്മാരാണ്. എല്ലാ ഞായറാഴ്ചകളിലും ഇവർ രണ്ടു കൂട്ടരും ഒത്തു കൂടി ചീട്ടുകളിക്കും അല്പം മദ്യപാനവും. രണ്ടു പേരും തൊട്ടടുത്ത വീടുകളിലാണ് താമസം. രണ്ടുപേക്കും ഏകദേശം ഒരേ പ്രായത്തിലുള്ള ഓരോ കുഞ്ഞ് ആൺമക്കളുമുണ്ട്. കൂടാതെ വീട്ടിലെ പണികൾ ചെയ്യാൻ മെക്സിക്കൻ കാരി ഒരു പെണ്ണും അവരുടെ ഭത്താവുമുണ്ട്. അവർ നല്ല പ്രായമുള്ളവരും വളരെ വിശ്വസ്തരുമാണ്. ഇവർ രണ്ടു പേരും കസ്സിൻസുമാണ്. അവരെ വീടും എല്ലാം ഏല്പിച്ചിട്ടാണ് ഈ ഡോക്ടേഴ്സ് ജോലിക്കു പോകുന്നതും. ഇവർ രണ്ടു പേക്കും ടെന്നീസ് കളിക്കാനും അറിയാമെന്നും താല്പര്യമാണെന്നും കണ്ടപ്പോൾ അവർ താമസിക്കുന്നിടത്തു തന്നെ ഓരോ ടെന്നീസ് കോട്ടും കൂടാതെ ഓരോ ഷട്ടിൽകോക്കു കോട്ടും ശരിയാക്കി. വീടിനകത്ത് ഓരോ ടേബിൾടെന്നീസ് കോട്ടും ശരിയാക്കി. അങ്ങിനെ വന്നപ്പോൾ ഞായറാഴ്ചകളിൽ മുഴുവൻ ദിവസം പരിപാടിയായി അത് മാറി.

അങ്ങിനെ ഇരിക്കവേയാണ് അവർ അവിടെ തന്നെ ഭാമിലി പ്രാക്ടീസു ചെയ്യുന്ന ഡോക്ടർ അച്ചൻകുഞ്ഞിനേയും അന്നമ്മയേയും അതുപോലെ തന്നെ വർഗ്ഗീസിനേയും വത്സമ്മയേയും കണ്ടുമുട്ടുന്നത്. ഇവർ രണ്ടു പേരും സ്വന്തമായി ക്ലിനിക്കിട്ട് ജോലി ചെയ്യുന്നവരാണെങ്കിലും രണ്ടു കൂട്ടരും ആ ഗ്രാമത്തിന്റെ ഉത്തര ധ്രുവത്തിലും ദക്ഷിണ ധ്രുവത്തിലുമാണ് താമസവും ക്ലിനിക്കും. പക്ഷേ ഇവർ രണ്ടുപേരുടേയും ധാരാളം രോഗികൾ അവിടെയുള്ള മെയിൻ ആശുപത്രിയിൽ രോഗികളായിട്ടുണ്ട്. ഞായറാഴ്ചകളിലെ മാത്തച്ചൻ ടെന്നീസുകളുടെ പരിപാടി കേട്ടപ്പോൾ ഇവക്കും താല്പര്യമായി. ഇവരെല്ലാം ഒരേ പ്രായക്കാരുമാണ്. ഇവക്കും മറ്റവരുടെ മക്കളുടെ അതേ പ്രായത്തിലുള്ള ഓരോ ആൺമക്കളുമുണ്ട്. ഇവരുടെ രണ്ടു പേരുടേയും ഭാര്യമാർ അവരുടെ ക്ലിനിക്കിൽ തന്നെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ ജോലി ചെയ്യുന്ന നല്ല വിദ്യാ സമ്പന്നരുമാണ്. അവരുടെ ക്ലിനിക്കിന്റെ ഏറ്റവും അടുത്തായിട്ടാണ് അവരുടെ വീടുകളെങ്കിലും അവിടേയും വീട്ടിലെ ജോലികൾക്കായി പ്രായമുള്ള മെക്സിക്കൻ ഭാര്യാഭത്താക്കന്മാരുണ്ട്. അങ്ങിനെ ഞായറാഴ്ചകളിൽ ഈ നാലു കുടുംബങ്ങളും ഇവരുടെ ഏതെങ്കിലും ഒരു വീട്ടിൽ ഒന്നിച്ചു കൂടുകയും ആ ദിവസം മുഴുവനും അങ്ങിനെ ഉല്ലാസകരമായി ചെലവഴിക്കാനു തുടങ്ങി. ഈ നാലു വീടുകളിലും ഇപ്പറഞ്ഞ സമയത്തിനുള്ളിൽ തന്നെ ടെന്നീസ്കോട്ടും ഷട്ടിൽകോക്കു കോട്ടും കൂടാതെ ടേബിൾ ടെന്നിസ് കളിക്കാനുള്ള സൗകര്യങ്ങളുമായി. ഇവരുടെ ഭാര്യമാരും ഈ വിനോദങ്ങളിൽ എല്ലാം തല്പരരായിരുന്നു.

ആ ആശുപത്രിയിൽ തന്നെ യൂറോളജിസ്റ്റായ് ജോലി ചെയ്യുന്ന ജോഞ്ജിനേയും ഭാര്യ ജോളിയേയും പരിചയപ്പെട്ടത്. ജോളി അവിടെ പി.എ. ആയി ജോലി ചെയ്യുകയാണ്. കൂടാതെ അവിടെ തന്നെ ഭുട് ടോക്ടറായി ജോലി ചെയ്യുന്ന കുഞ്ഞുമോനേയും ഭാര്യ കുഞ്ഞുമോളും അതുപോലെ ഹൃദയഡോക്ടർ ജേക്കബും ജയമോളും. കുഞ്ഞുമോളും ജയമോളും സോഫ്റ്റ്‌വയർ എൻജിനീയേഴ്സാണ്. ഈ രണ്ടു പേരും ആശുപത്രിക്ക് വളരെ അടുത്തുള്ള ഒരു കമ്പനികളിലുമാണ് ജോലി ചെയ്യുന്നത്. കൂടാതെ ഈ രണ്ടു കുടുംബങ്ങളും ആശുപത്രിയുടെ ഏറ്റവും അടുത്ത വീടുകളിലാണ് താമസിക്കുന്നതും.

ഇവരെല്ലാം ഒരേ പ്രായക്കാരും കൂടാതെ ഒരേ പ്രായത്തിലുള്ള ഓരോ ആൺമക്കളുമുണ്ട്. ഇങ്ങിനെ വളരെ ചുരുങ്ങിയ സമയം കൊണ്ട് പരസ്പരം പരിചയപ്പെടുകയും സ്നേഹബന്ധത്തിലാകുകയും എല്ലാവരും എല്ലാ ഞായറാഴ്ചകളിലും ഒന്നിച്ചു കൂടി വിനോദങ്ങളിൽ ഏപ്പെടുകയും ചെയ്തു വന്നു. ഇവരെല്ലാവരും ഓത്ത്ഡോക്സുകാരുമായിരുന്നു.

ഇങ്ങിനെയിരിക്കുന്ന സമയത്താണ് മാത്തച്ചന്റെ ജേഷ്ഠൻ ചെറിയാൻ അച്ചന് അവിടേക്ക് വരാൻ പേപ്പറുകൾ എല്ലാം ശരിയായത്. മാത്തച്ചൻ വഷങ്ങൾക്കു മുമ്പ് പേപ്പർ എല്ലാം ശരിയാക്കിയത് ഇപ്പോഴാണ് അച്ചന് വരാനിടയായത്. അപ്പോൾ അവക്ക് ഒരു പള്ളിയും ആരാധനയും വേണമെന്നായി. അവരന്വേഷിച്ചപ്പോൾ അവക്കെല്ലാം മദ്ധ്യഭാഗത്തായി അടച്ചു പൂട്ടി ജപ്തി ചെയ്യപ്പെട്ട കൊച്ചു കുഞ്ഞുങ്ങളെ നോക്കിയിരുന്ന ഒരു ഹാൾ ലേലത്തിൽ കിട്ടിയത് ചുളു വിലയ്ക്ക് അവക്ക് അതു വാങ്ങാൻ സാധിച്ചു. നല്ല ബലവത്തായ ഒരു കെട്ടിടവും അതിന്റെ വിശാലമായ ബേസ്മെന്റും. കൂടാതെ തൊട്ടടുത്തുള്ള ഒരു വീടും വളരെ ലാഭകരമായ തുകയ്ക്ക് വാങ്ങാൻ സാധിച്ചു. മൂന്നു ബഡ്റൂമുകളും എല്ലാത്തിനും അറ്റാച്ചഡ് ആയി മൂന്നു ഭുൾ ബാത്തുറൂമുകളും മറ്റെല്ലാ സൗകര്യങ്ങളുള്ളതുമാണ് ആ വീട്. ഉടനെ തന്നെ ആൾക്കാരെ ഏപ്പാടാക്കി പള്ളികെട്ടിടത്തിന്റെ ഉൾഭാഗം മുഴുവനും റീമോഡൽ ചെയ്യിച്ചു. കൂടാതെ മദ്ബഹായും ത്രോണോസും എല്ലാം മനോഹരമായി കിഴക്കു പടിഞ്ഞാറു് ഐശ്യര്യമായി നിൽക്കുന്ന ആ കെട്ടിടത്തിനകത്തു പണികഴിപ്പിച്ചു. സിറ്റിയുടെ അനുവാദത്തിനായി ചോദിച്ചപ്പോൾ അവക്കും വളരെ സന്തോഷമായി. അവക്കു കൂടി മനസ്സിലാകണമെന്ന രീതിയിൽ സെന്റ് മേരീസ് ഇന്ത്യൻ ഓത്ത്ഡോക്സ് ചച്ചെന്നതിനു പേരിട്ടു.

ചെറിയാനച്ചനെ ധരിപ്പിച്ചതിൻ പ്രകാരം പുതിയ പള്ളിക്കു വേണ്ട എല്ലാ സാധനങ്ങളും, പള്ളി മറയുൾപ്പെടെ, പുല്ലേ വിളക്കും കൈമണികളും ചിത്തോലയും വിരിക്കൂടും എല്ലാം തന്നെ അവർ കരുതി വന്നു. അച്ചനും ബിഎസ്സി നേഴ്സായ എത്സമ്മയും ഒരു മകനും വന്നു. പള്ളിയും കാര്യങ്ങളും എല്ലാം അച്ചനും കുടുംബത്തിനും വളരെ ഇഷ്ടപ്പെട്ടു. അവക്കു താമസിക്കാനായിട്ടാണ് പള്ളിയുടെ തൊട്ടടുത്തുള്ള വീട് വാങ്ങിയതെങ്കിലും വന്ന കുറേ നാളത്തേക്ക് മാത്തച്ചന്റെ കൂടെ താമസിപ്പിച്ച് ഈ രാജ്യത്തെ രീതികളുമായി ബന്ധപ്പെടുത്തി. പെട്ടന്നു തന്നെ എത്സമ്മകൊച്ചമ്മയെ പരീക്ഷകളെല്ലാം പാസാക്കി ആ ആശുപത്രിയിൽ തന്നെ നേഴ്സായി ജോലിയിലുമാക്കി. കൂടാതെ അച്ചനെ ആ ആശുപത്രിയിലെ ചാപ്ലിനായി ജോലിയിലാക്കിയതു കൂടാതെ അതിന്റെ കോഴ്സ് പഠിക്കാനു

മാക്കി. ആശുപത്രിയും ദേവാലയവുമായി വെറും അഞ്ചുമി നിറ്റു ദൂരം വണ്ടിയോടിച്ചാൻ മതിയാകും. അപ്പോൾ അവക്ക് സ്വയം വാഹനമോടിച്ചു പോകാൻ സാധിക്കും. അവർ രണ്ടു പേരും കാലത്ത് ജോലിക്കു പോകുമ്പോൾ മകനെ പോകുന്ന വഴിയിൽ തന്നെയുള്ള മാത്തച്ചന്റെ വീട്ടിലാക്കിയിട്ടു പോകും. മാത്തച്ചന്റെ മകനും അച്ചന്റെ മകനും എല്ലാം ഒരേ പ്രായക്കാരുമാണ്. അവർ മടങ്ങി വരുമ്പോൾ, സ്ക്കൂളിൽ പോയിട്ട് മടങ്ങി വന്ന മകനെ കൂട്ടി അവർ അവരുടെ വീട്ടിലേക്കു പോകും അപ്പോൾ വൈകുന്നേരത്തെ അവരുടെ ചായകുടിയും കടിയും ഭക്ഷണവുമെല്ലാം അങ്ങിനെയാകും.

ടിൻസിയുടെ മൂത്ത ആങ്ങള വഷങ്ങൾക്കു മുമ്പ് അമേരിക്കയിൽ വന്ന് വേറൊരു പട്ടണത്തിൽ താമസമായിരുന്നു. അയാൾ, വക്കി ഒരു സോഫ്റ്റു വയർ എഞ്ചിനീയറാണ്. ഭാര്യ വിനോദനി റജിസ്ട്രേഡ് നേഴ്സും. ഇവിടുത്തെ വിശേഷങ്ങൾ എല്ലാം പെങ്ങൾ അറിയച്ചപ്പോൾ എല്ലാം വന്നു കണ്ടിട്ടു പോയ അയാൾ, ഈ ഗ്രാമത്തിലെ ആശുപത്രിയ്ക്കടുത്തുള്ള കമ്പിനിയിൽ ജോലി വാങ്ങി, അവിടെയുണ്ടായിരുന്ന വീടും മറ്റും വിറ്റ് ഇങ്ങോട്ട് മാറിതാമസമായി. തിരക്കേറിയ വലിയ പട്ടണത്തിൽ നിന്ന് ഈ ഗ്രാമപ്രദേശത്തേക്കു വന്ന അവക്ക് വലിയ ആശ്വാസമായി. അവിടുത്തെ വീടു വിറ്റു കിട്ടിയ പണത്തിന്റെ മൂന്നിലൊന്ന് കൊടുത്തപ്പോൾ അവിടുണ്ടായിരുന്നതിനേക്കാൾ വലിയ ഒരു ബംഗ്ലാവ് അവക്കിവിടെ വാങ്ങാൻ സാധിച്ചു. ആ കമ്പിനിയിൽ ഇനിയും ധാരാളം സോഫ്റ്റു വയർ എഞ്ചിനീയേഴ്സിന്റെ വേക്കൻസി ഉണ്ട്. വിനോദിനിക്ക് നടന്നു പോകത്തക്ക ദൂരത്തിലായിരുന്നു ജോലിസ്ഥലമായ ആ ആശുപത്രി. അവക്കും ഒരു മകൻ ഉള്ളത് പെങ്ങൾ ടിൻസിയുടെ മകന്റെ പ്രായമാണ്.

ആ കമ്പനിയിൽ ഇനിയും വേക്കൻസി ഉണ്ടെന്നറിഞ്ഞപ്പോൾ അന്നമ്മയും, വത്സയും, ജയാമോളും, കുഞ്ഞുമോളും, ജോളിയുമെല്ലാം അവരുടെ മൂത്ത ആങ്ങളമാരെ വിവരം ധരിപ്പിച്ചു. അവരെല്ലാം വക്കി ജോലി ചെയ്തിരുന്ന സ്ഥലത്ത് പല കമ്പനികളിലായി ജോലി ചെയ്തു കൊണ്ടിരിക്കുകയാണ്. ആ കമ്പനികളിൽ കിട്ടിക്കൊണ്ടിരിക്കുന്നതിലും വളരെ കൂടുതൽ ശമ്പളവും ഇവിടെ കിട്ടുമെന്നായപ്പോൾ അവർ ഓരോരുത്തരായി ഈ സ്ഥലത്തേക്ക് മാറി താമസിക്കാൻ തുടങ്ങി. അവരുടെയെല്ലാം ഭാര്യമാർ ബിഎസ്സിയും റജിസ്റ്റേഡും നേഴ്സുമാരാണ്. അവക്കെല്ലാം ആ ആശപത്രിയിൽ തന്നെ മറ്റെ സ്ഥലത്തെ ആശുപത്രികകളിൽ കിട്ടിയിരുന്നതിനേക്കാൾ കൂടുതൽ ശമ്പളത്തിൽ ഇവിടെ ജോലി കിട്ടി. ഇവക്കെല്ലാം ഓരോ ആൺമക്കൾ മാത്രമെന്നുമല്ല, അവിടുള്ള കുട്ടികളും ഇവരുമെല്ലാം ഒരേ പ്രായക്കാർ. ആണുങ്ങളും പെണ്ണുങ്ങളും എല്ലാം ഒരേ പ്രായക്കാർ. വന്ന ഏഴ് ആണുങ്ങളും മദ്ബഹായിൽ കയറാൻ കൈവെയ്പുള്ളവരും നല്ല പരിചയ സമ്പന്നരുമാണ്. അവക്കെല്ലാം മദ്ബഹായിൽശുശ്രൂഷക്കാരായി സേവനംചെയ്യാൻ നല്ല മനസ്സുള്ളവരും ധാരാളമായി പള്ളിയ്ക്ക് കൊടുക്കാൻ സന്മനസ്സുള്ളവരുമായിരുന്നു.

അങ്ങിനെ ആ പള്ളിയിൽ അച്ചനൾപ്പെടെ പതിനഞ്ചു കുടുംബങ്ങൾ. ഒരേ പ്രായത്തിലുള്ള പതിനഞ്ച് മിടുക്കരായ ആൺകുഞ്ഞുങ്ങൾ, മിടുക്കികളായ പതിനഞ്ച് സ്ത്രീകൾ എഴു മിടുക്കരായ ആൺ ഡോക്ടറന്മാർ. സാമ്പത്തികമായി യാതൊരു കുറവുമില്ലാത്ത നല്ല ഒരു കൊച്ച് ഇടവക.

ചെറിയാനച്ചന് പണത്തിനോട് ഒരല്പം ആർത്തിയും സ്വല്പം പിശുക്കുമുണ്ട്. എത്രകൊച്ചയ്ക്കുതറിയാമെങ്കിലും ഒന്നും അറിയാൻ വയ്യാത്ത രീതിയിൽ അവർ പെരുമാറും. കൂട്ടത്തിൽ അച്ചന്റെ വീടാണ് ഏറ്റവും ചെറിയതെന്ന വിചാരവും. എന്നാൽ ആശുപത്രിയിലെ ചാപ്പ്ലിനായ് നല്ല ശമ്പളം കിട്ടുന്നുണ്ട്. എല്ലാവരും അച്ചായെന്നു വിളിച്ച് ബഹുമാനിക്കുന്നുണ്ട്. പള്ളിവക സൗജന്യ വീടെന്നതിലുപരി ആ വീട്ടിലെ യൂറ്റിലിട്ടീസെല്ലാ ചിലവുകളും പള്ളിയനത്തിൽ ആണ് കൊടുക്കുന്നതും. ഭാര്യയും ധാരാളം പണം സമ്പാദിച്ചുകൊണ്ടു വരുന്നുണ്ട്. നാട്ടിൽ വളരെ കഷ്ടപ്പെട്ട് നക്കാപിച്ച പള്ളി ശമ്പളവും ഭാര്യയ്ക്കു കിട്ടുന്ന ശമ്പളവുമെല്ലാമായി ജീവിച്ചിരുന്ന അച്ചന് ഇത്രയും വലിയ ശമ്പളവും സുഖകരമായ ജീവിതവും വന്നപ്പോഴാണ് കൂടുതൽ മനപ്രയാസമുണ്ടാകുന്നത്. നോമ്പു കാലമല്ലാത്ത സമയങ്ങളിൽ എല്ലാ ദിവസവും കുർബ്ബാനയും ചൊല്ലി നടന്ന അച്ചന് ആഴ്ചയിലൊരിക്കൽ കുർബ്ബാന ചൊല്ലിയാൽ മതി ഇവിടെ.

അച്ചന് പല പല ആവശ്യങ്ങളായി: മെത്രാച്ചനെ വരുത്തി ഇടവകയാണെന്ന കല്പന വാങ്ങണം. പള്ളി കൂദാശ ചെയ്യണം. ഡോക്ടേഴ്സിന് ഉള്ളതു പറഞ്ഞാൽ ഞായറാഴ്ചകളിൽ ഒന്നിച്ചു കൂടി കളികൾ നടത്തണം, ചീട്ടു കളി നടത്തണം അല്പം വെള്ളമടിക്കണം; ഇത്രമാത്രമേ ഉദ്ദേശമുള്ളു. പള്ളിയ്ക്കകത്തോ പള്ളി പുരയിടത്തിലോ വെച്ച് ചീട്ടുകളിയും മദ്യപാനവും പാടില്ലന്ന് അച്ചൻ നിബന്ധമായി പറഞ്ഞിട്ടുണ്ട്. എന്നാൽ സ്ത്രീകൾക്കെല്ലാം പള്ളിയിൽ പോകണം പ്രാത്ഥിക്കണം എന്നതിൽ വലിയ താല്പര്യമാണ്. പള്ളിക്ക് കമ്മറ്റി വേണം, സെക്രട്ടറി, ട്രസ്റ്റി തുടങ്ങിയവർ വേണം. അതൊന്നും ഡോക്ടേഴ്സിന് താല്പര്യമില്ല. പള്ളിയുടെ അഡ്മിനിസ്ട്രേറ്റീവായുള്ള കാര്യങ്ങൾ എല്ലാം അന്നമ്മയും പണമിടപാടായിട്ടുള്ള കാര്യങ്ങൾ എല്ലാം വത്സയും നോക്കിയാൽ മതിയല്ലോ. അവക്കാണല്ലോ ഈ കാര്യങ്ങളിൽ കൂടുതൽ പരിചയവും ഇക്കൂട്ടത്തിൽ ഉള്ളത്. അവസാനം മെത്രാച്ചനെ കൊണ്ടു വരാനും ഇടവകയാണെന്നുള്ള കല്പന വാങ്ങാനുമുള്ള ചുമതലയെല്ലാം അച്ചനെ ഏല്പിച്ചു. അപ്പോൾ അച്ചൻ വേണം മെത്രാച്ചനെ വിമാനത്താവളത്തിൽ നിന്ന് കൂട്ടികൊണ്ടു വരേണ്ടതും താമസിപ്പിക്കേണ്ടതും കൊണ്ടു വിടേണ്ടതും എല്ലാം. പണച്ചിലവിന്റെ കാര്യത്തിൽ യാതൊരു പ്രശ്നവുമില്ല.

അന്നത്തെ അമേരിക്കയിലെ മെത്രാച്ചനും ഒരു ഫലിതശിരോമണിയും ഒരു കാര്യത്തിലും നിബന്ധമില്ലാത്തയാളുമായിരുന്നു. തന്മൂലം യാതൊരു പ്രയാസവും മറ്റാക്കമില്ലാതെ കാര്യങ്ങൾ ഭംഗിയായി നടന്നു.

എല്ലാ ഞായറാഴ്ചകളിലും കുർബ്ബാനയെന്നതല്ലാതെ ഇട ദിവസങ്ങളിൽ കുർബ്ബാന അവിടെയില്ല. മൂന്നു നോമ്പ് തുടങ്ങി ഇട ദിവസങ്ങളിൽ കുർബ്ബാന നടത്തുന്നതൊന്നും അവിടെയില്ല. പള്ളി കഴിഞ്ഞാൽ എല്ലാവരും കായിക വിനോദങ്ങളിൽ ഏപ്പെടുന്ന സമയങ്ങളിൽ കുഞ്ഞുങ്ങൾക്ക് സൺഡേസ്ക്കൂൾ നടക്കും. ആ സമയങ്ങളിൽ ചിലപ്പോൾ സ്ത്രീകൾക്ക് അച്ചൻ ക്ലാസെടുക്കും; അതിനെ സ്ത്രീ സമാജമെന്ന് വേണേൽ വിളിച്ചോ.

ആ ആശുപത്രിയിൽ തന്നെ ജോലി ചെയ്യുന്ന ലക്ഷ്മിയുടെ ഭത്താവ് അവിടെ ഒരു ഇന്ത്യൻ റസ്റ്ററന്റു നടത്തുന്ന നാരായണൻനായരെ പള്ളിയിലേക്ക് എല്ലാ ഞായറാഴ്ചകളിലേക്കുംവേണ്ട ഭക്ഷണത്തിന്റെ ഏപ്പാടും ചെയ്യിച്ചു. നായരുടെ ഇന്ത്യൻ ഭക്ഷണം വളരെ രുചികരമാണ്.

സോഫ്റ്റുവയർ എൻജിനീയേഴ്സിന്റെ ഭാര്യമാർ ചിലർ കൂടി പള്ളിയിൽ ഒരു മ്യൂസിക്ക് ടീം ഉണ്ടാക്കിയത് ആരാധനയ്ക്ക് കൊഴുപ്പേറി. അച്ചനും ഭാര്യയ്ക്കും ജോലിയും വരുമാനവും ഉണ്ടല്ലോ എന്നതിനാൽ, അച്ചന് പ്രത്യേകമായി ശമ്പളമൊന്നുംനൽകുന്നില്ലന്നതിൽ അച്ചന് മനസ്സിൽ പരാതിയുണ്ടെങ്കിലും പുറമേ പറയാൻ വയ്യാത്ത സാഹചര്യത്തിലാണ്. തന്മൂലം സാധിക്കുന്നിടത്തോളം മാത്തച്ചന്റെ വീട്ടിൽ ഭക്ഷണം പറ്റിക്കും. അച്ചന് എപ്പോഴെങ്കിലും നാട്ടിൽ പോകണമെങ്കിൽ, ആ സമയങ്ങളിൽ അവിടെ കുർബ്ബാന ഇല്ല. പിരിവുകാരോ,മെത്രാച്ചന്മാരോ ഒന്നും അവിടെ വരുന്നത് ഡോക്ടേഴ്സിന് ഇഷ്ടമില്ല. അവക്ക് ഇഷ്ടമില്ലാത്തതൊന്നും അവിടെ നടപ്പില്ലാത്ത ഒരു വിചിത്ര ഇടവകയായി അത് രൂപാന്തരപ്പെട്ടു.